## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2295** 05.02.2018-ൽ മറുപടിക്ക്

### നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് സംസ്ഥാന അതിർത്തിയിലെ വാണിജ്യ നികുതി ചെക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്<br>ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കമെന്നായിരുന്ന ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചതിനെത്തുടർന്ന് 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. കൂടാതെ ഇ-വേ ബില്ലിന്റെ |
| (ബി) | ഉണ്ടെങ്കിൽ, ഇക്കാരണത്താൽ സംസ്ഥാനത്തേക്ക് നികുതി വെട്ടിച്ച് ചരക്കുകൾ കടത്തിക്കൊണ്ടു വരുന്നത് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇതിന് പരിഹാരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിലേക്ക് ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**